**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2859** **24-02-2026 - ൽ മറുപടിയ്ക്ക്**

**കിണർ നിർമ്മാണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസമൃദ്ധി നിലനിർത്തുവാൻ നടപ്പാക്കിയ പുതിയ കിണർ നിർമ്മാണ പദ്ധതികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | ജലസമൃദ്ധി നിലനിർത്തുവാൻ ഭൂജല വകുപ്പ് മുഖേന പ്ലാൻ/ ഡെപ്പോസിറ്റ് പദ്ധതിയിൽ ബോർവെൽ/ ട്യൂബ് വെൽ ജലസ്രോതസ്സായ ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ സർക്കാർ കാലയളവിൽ 1301 ചെറുകിട പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ 58,545 ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു. |
| (ബി) | ജല ശുദ്ധീകരണ പ്ലാന്റുകൾ വർദ്ധിപ്പിക്കുന്നതിലൂടെ കുടിവെള്ളത്തിന്റെ നിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഭൂജല വകുപ്പ് മുഖേന ബോർവെൽ/ ട്യൂബ് വെൽ നിർമ്മിച്ച് ജലഗുണനിലവാരം പരിശോധിച്ചതിനുശേഷം ആവശ്യമെങ്കിൽ ജലശുദ്ധീകരണ പ്ലാന്റുകൾ ഉൾപ്പെടുത്തിയാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>ജല ശുദ്ധീകരണ പ്ലാന്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ സുരക്ഷിതമായ കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നു. ശുദ്ധീകരണ ശാലകളല്ലാതിരുന്ന ചെറുകിട പദ്ധതികൾ സമഗ്ര പദ്ധതികളുമായി സംയോജിപ്പിക്കുകയും ഫണ്ട് ലഭ്യതയനുസരിച്ച് ശുദ്ധീകരണ ശാലകൾ നിർമ്മിക്കുകയും നിലവിലുള്ളവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്.<br><br>ജല ശുദ്ധീകരണ ശാലകളിൽ വിവിധ ഘട്ടങ്ങളിലായുള്ള ശാസ്ത്രീയ ശുദ്ധീകരണ പ്രക്രിയയിലൂടെ ജലം ശുദ്ധീകരിക്കുന്നു. വിതരണത്തിന് തയ്യാറായ ജലത്തിന്റെ ഗുണനിലവാരം കൃത്യമാണെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രമാണ് വിതരണം നടത്തുന്നത്. കേരള വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള എല്ലാ ജല ശുദ്ധീകരണ |

| | | | |
|---|---|---|---|
| | | | ശാലകളോടും ചേർന്ന് ഉൽപാദിപ്പിക്കപ്പെടുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി വാട്ടർ ടെസ്റ്റിംഗ് ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്.<br><br>ഈ ലാബുകളിൽ ജലത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ വിവിധങ്ങളായ പരിശോധനകൾ നടത്തി അംഗീകൃത മാനദണ്ഡങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് കീഴിൽ NABL (National Accreditation Board for Testing and Callibration Laboratories) അംഗീകാരത്തോടു കൂടിയ ഉന്നത നിലവാരമുള്ള ലാബുകൾ ജല പരിശോധനയ്ക്കായി പ്രവർത്തിക്കുന്നുമുണ്ട്. പ്രത്യേകമായി തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം ക്വാളിറ്റി കൺട്രോൾ വിഭാഗം സ്രോതസ്സുകളിലും പ്ലാന്റുകളിലും വിതരണ ശൃംഖലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുടിവെള്ളം ശേഖരിച്ച് പരിശോധനകൾ നടത്തുകയും അവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ജലവിതരണവുമായി ബന്ധപ്പെട്ട എല്ലാ ഘട്ടങ്ങളിലും ജലത്തിന്റെ ഗുണനിലവാരം നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | ജലസംരക്ഷണത്തിനും മഴവെള്ള ശേഖരണത്തിനുമായി ആരംഭിച്ച പ്രധാനപ്പെട്ട പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ? | (സി) | ഭൂജല സ്രോതസ്സുകളുടെ സംരക്ഷണത്തിനായി ഭൂജല വകുപ്പ് 'ഭൂജല സംരക്ഷണവും, സംപോഷണവും' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ 25/01/2026 തീയതിയിലെ സ.ഉ.(സാധാ)നം.93/2026/WRD സർക്കാർ ഉത്തരവ് പ്രകാരം ഭൂജല വിനിയോഗ തോത് 90% ത്തിൽ കൂടുതലുള്ള ഗുരുതര ബ്ലോക്കുകളായ ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിലും, ഭാഗിക ഗുരുതര ബ്ലോക്കായ കട്ടപ്പനയിലും നിർമ്മിച്ചിട്ടുള്ള ഗാർഹിക, സ്വകാര്യ സ്ഥാപനങ്ങളിലെ സ്വകാര്യ കുഴൽ കിണറുകളിൽ 80% സബ്സിഡിയോടു കൂടി കുഴൽ കിണർ റീചാർജ്ജിംഗ് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയും, ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ജലസംരക്ഷണത്തിനും മഴവെള്ള ശേഖരണത്തിനുമായി കെ.ആർ.ഡബ്ല്യു.എസ്.എ-യുടെ നേതൃത്വത്തിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രധാനമായും മൂന്ന് പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br><br>1. മഴവെള്ള സംഭരണം ഭൂജലപരിപോഷണം പദ്ധതി. |

2. ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക.

3. ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം.

- "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതിയുടെ ഭാഗമായി കുടിവെള്ള ക്ഷാമം നേരിടുന്ന മലയോര, തീരദേശ, പിന്നോക്ക ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്ത കുടുംബങ്ങളെ തെരഞ്ഞെടുത്ത് 10000 ലിറ്റർ ശേഷി മഴവെള്ളം സംഭരിച്ചു ഉപയോഗിക്കാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി 2936 തുറന്ന കിണറുകൾക്ക് മഴവെള്ളം സംഭരിച്ച് കിണർ റീചാർജ്ജ് ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തി ജലസംരക്ഷണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 2026-27 വർഷത്തെ ബജറ്റിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.
- ഗാർഹിക കിണറുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് അവയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ 519 ബിപിഎൽ കുടുംബങ്ങളിലെ തുറന്ന കിണറുകൾ സംരക്ഷിക്കുകയും അവയെ മഴവെള്ളം ശേഖരിച്ച് റീചാർജജ് ചെയ്ത് സുസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 2026-27 സാമ്പത്തിക വർഷം ബജറ്റിൽ 4 കോടി രൂപ അനുവദിച്ചിട്ടുണ്ട്.
- ജലവിതരണ പദ്ധതികളുടെ ഉറവിടങ്ങളായ ജലാശയങ്ങളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കെ.ആർ.ഡബ്ല്യു.എസ്.എ-യുടെ നേതൃത്വത്തിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകത്തിന്റെ വശങ്ങളിൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് അവയിലേക്ക് മഴവെള്ളം റീചാർജ്ജ് ചെയ്തുകൊണ്ടുള്ള നിരീക്ഷണവും പഠനങ്ങളും നടത്തുന്നതിനുള്ള പ്രാഥമികമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ തടാകത്തിലെ ജലവിതാനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പഠനവിധേയമാക്കുന്നതിനുള്ള

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയ്ക്ക് 2026-27 സാമ്പത്തിക വർഷം ബജറ്റിൽ 2 കോടി തുക വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ